(ഇ) പരാതിയിൻമേൽ വിശദമായ അന്വേഷണം നടത്തുന്നതിനും ബന്ധപ്പെട്ട വരെയെല്ലാം നേരിൽ കേട്ടു വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കുമായി തൊഴിലും പുനരധിവാസവും വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. സി. മോഹനനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിട്ടുണ്ട്.

(എഫ്) അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ടി. ആർ. രാജഗോപാലന് ഇ. എസ്. ഐ. സഹായം

54 [3504] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ. എസ്. ഐ. ആനുകൂല്യം കിട്ടുന്നതിനുവേണ്ടി അപേക്ഷിച്ചവരുടെ അപേക്ഷകൾ തീർപ്പുകല്പിക്കാതെ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി വല്ലതും സ്വീകരിച്ചിട്ടുണ്ടോ;

(ബി) 2003 ജനുവരി മുതൽ 2005 ഫെബ്രുവരിവരെ പാലക്കാട് ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചു എന്നും ഇതിൽ എത്ര അപേക്ഷകളിൽ ആനുകൂല്യം ലഭ്യമാക്കിയെന്നും വ്യക്തമാക്കാമോ;

(സി) 2003 മാർച്ചിൽ മകളുടെ ചികിൽസയ്ക്കുവേണ്ടി പാലക്കാട് ജില്ലയിലെ നഗരിപ്പുറം, തൊഴുത്തിങ്കൽ ടി. ആർ. രാജഗോപാലൻ നൽകിയ അപേക്ഷയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്, ടി അപേക്ഷയിൽ സഹായം ലഭ്യമാക്കാൻ എന്നത്തേയ്ക്ക് കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. മുൻകാലങ്ങളിൽ കുടിശ്ശിക തുക ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ചിരുന്ന അപേക്ഷകളിൽ തീർപ്പു കൽപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഈയിനത്തിൽ ആറു കോടിരൂപയോളം നൽകിക്കഴിഞ്ഞു. ബാക്കിതുക എത്രയും പെട്ടെന്ന് നൽകുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2003 ജനുവരി മുതൽ 2005 ഫെബ്രുവരി വരെ 2150 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 2004 ജൂൺ മാസം വരെ ലഭിച്ച അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ട്.

(സി) ശ്രീ. ടി. ആർ. രാജഗോപാലൻ 2003 മാർച്ചിൽ മുൻകൂർ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അത്യാവശ്യമായി ചികിത്സതേടേണ്ടിവന്നതിനാൽ കൈയ്യിൽനിന്നും പണമടച്ച് നടത്തിയ ചികിത്സ ചെലവ് തിരികെ ലഭിക്കുന്നതിലേക്ക് സമർപ്പിച്ച ബില്ലുകളിൻമേൽ തുക എത്രയും പെട്ടെന്ന് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly